പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6225 31.10.2011-ൽ മറുപടിയ്ക്ക്

റിസോഴ്സ് മാപ്പിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും<br>സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | മുസരീസ് ഹെറിറ്റേജ് പദ്ധതിയിൽ ഐ.കെ.എം. നടപ്പിലാക്കുന്ന റിസോഴ്സ് മാപ്പിംഗ് പ്രവർത്തനത്തിൽ പങ്കെടുത്തവരുടെ ദിവസ വേതനത്തിൽ കൃത്രിമം നടന്നതായി ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിരുന്നോ ; ആരാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ: | (എ) | ലഭിച്ചിരുന്നു; ഇ.എഫ്. @ ഐ.റ്റി. ജനറൽ സെക്രട്ടറി ശ്രീ. രാജേഷ് കെ. ആണ് പരാതി നൽകിയിരുന്നത്. |
| (ബി) | പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ ആരെയെങ്കിലും നിയോഗിച്ചിരുന്നോ ; | (ബി) | നിയോഗിച്ചിരുന്നു. |
| (സി) | അന്വേഷണം കഴിഞ്ഞെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

No. IKM/Estt./A.14/2011 03.09.2011

## കുറിപ്പ്

ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 07.2011 ലെ IKM/Estt./A.14/2011 നമ്പർ ഉത്തരവ് പ്രകാരം മുസിരിയസ് സാംസ്കാരിക പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായുള്ള മാപ്പിംഗ് പ്രവർത്തനങ്ങളിൽ ടെക്നിക്കൽ ഓഫീസർ ശ്രീ അരുൺകുമാറിനെതിരെ ഉന്നയിച്ച ആരോപണങ്ങളെ കുറിച്ചു അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് എന്നെ ചുമതലപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീ അരുൺകുമാറിന് ഇവിടെ നിന്നും 01.07.2011 ലെ IKM/Estt./A.14/2011 നമ്പരായി നൽകിയിരുന്ന മെമ്മോയിൽ പറഞ്ഞിരുന്ന കുറ്റാരോപണ വിഷയങ്ങളെക്കുറിച്ചല്ല ശ്രീ അരുൺകുമാർ 12.07.2011 തീയതി വച്ച് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
2) മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ടീം അംഗങ്ങൾ അവശ്യം എഴുതി ടീം ലീഡർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായ മൂവ്മെന്റ് രജിസ്റ്റർ ഉപയോഗിച്ചിട്ടില്ലെന്നും ജി.ഐ.എസ് ടീം ലീഡർ വ്യക്തമാക്കിയിരിക്കുന്നു.
3) മേൽ പറഞ്ഞ ടീം അംഗങ്ങൾ ഓരോരുത്തരും ഓരോ ദിവസവും നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ട പ്രോപ്പർട്ടി ടാക്സ് കാർഡുകളിൽ ഒരാളുടെ പേര് മാത്രമേ രേഖപ്പെടുത്തികാണുന്നുള്ളു. ഇതുമൂലം പ്രോപ്പർട്ടി ടാക്സ് കാർഡുകൾ തയ്യാറാക്കിയ ടീമിലെ മറ്റംഗങ്ങൾ ആരെല്ലാമായിരിന്നു എന്നു മനസിലാക്കാൻ കഴിയുന്നില്ല.
4) മേൽ പറഞ്ഞ ടീം അംഗങ്ങൾ എഴുതി ടീം ലീഡർ സാക്ഷ്യപ്പെടുത്തി വേതനത്തിനായുള്ള ക്ലെയിം സെറ്റിൽമെന്റിനോടൊപ്പം ഹാജരാക്കേണ്ട വർക്ക് ഡയറി എഴുതി ഹാജരാക്കികാണുന്നില്ല.
5) 2011 മേയ് മാസത്തെ ടീം രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നതരത്തിലല്ല അത് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല പ്രസ്തുത രജിസ്റ്ററിലെ എൻട്രികൾ ആരും തന്നെ സാക്ഷ്യപ്പെടുത്തി കാണുന്നുമില്ല.

മേൽ പറഞ്ഞ സാഹചര്യത്തിൽ ആരെല്ലാം ഏതെല്ലാം ദിവസങ്ങളിൽ പ്രവർത്തിച്ചു എന്ന് വ്യക്തമായികണ്ടെത്താൻ കഴിയുന്നില്ല. ആയതിനാൽ ഈ

വിഷയത്തെക്കുറിച്ച് അഡ്മിനിസ്ട്രേഷൻ, ജി.ഐ.എസ്, അക്കൗണ്ട്സ് എന്നീ ഡിവിഷനുകളിലെ മേധാവികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ടീം വിശദമായ അന്വേഷണം നടത്തുകയും, മേൽ പറഞ്ഞ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തി ഹീയറിംഗ് നടത്തുകയും, ലഭ്യമായ രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്താൽ മാത്രമേ ഉന്നയിക്കപ്പെട്ട ക്രമക്കേടുകളെ കുറിച്ച് വ്യക്തത വരുത്താൻ കഴിയുകയുള്ളു.

അനന്തര നടപടികൾക്കായി സമർപ്പിക്കുന്നു.

എ. ഷാജി

ഡയറക്ടർ (ഇംപ്ലിമെന്റേഷൻ) &

എൻക്വയറി ഓഫീസർ.